"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള വാട്ടർ അതോറിറ്റി - വാട്ടർ ചാർജ്ജ് ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ സി) വകുപ്പ്**

സ.ഉ.(കൈ) നം.7/2023/WRD തീയതി, തിരുവനന്തപുരം, 25-01-2023

---

പരാമർശം:-

1. 05.11.2022 ലെ കേരള വാട്ടർ അതോറിറ്റിയുടെ 429-ാമത് ബോർഡ് തീരുമാനം.
2. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 13.12.2022 ലെ നം. KWA/HO/RMC/R2/1102/2022 നം. കത്ത്.
3. സ.ഉ(സാധാ)നം.34/2023/ജവിവ തീയതി 11.01.2023.

**ഉത്തരവ്**

ഓൺലൈൻ സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 01.01.2023 മുതൽ ഗാർഹിക കണക്ഷൻ ഒഴികെയുള്ള കണക്ഷനുകളുടെ വാട്ടർ ചാർജ്ജ് ഓൺലൈൻ ആയി മാത്രം അടവാക്കുന്നതിനും, 500/- രൂപ വരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമേ ഓൺലൈൻ സൗകര്യത്തിനു പുറമെ ക്യാഷ് കൗണ്ടറുകൾ മുഖേന വാട്ടർ ചാർജ്ജ് അടവാക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയുള്ളൂവെന്നും 5.11.2022 -ൽ കൂടിയ വാട്ടർ അതോറിറ്റിയുടെ 429 -മത് ബോർഡ് യോഗത്തിൽ തീരുമാനിച്ചതായി പരാമർശം (2) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ അറിയിച്ചിരുന്നു. ടി തീരുമാനം അനുസരിച്ച് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള അനുമതി നല്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

i) 01.01.2023 മുതൽ ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള കണക്ഷനുകളിലെ വാട്ടർ ചാർജ്ജ് ഓൺലൈൻ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ.

ii) 500/- രൂപ വരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമേ ഓൺലൈൻ സൗകര്യത്തിനു പുറമേ ക്യാഷ് കൗണ്ടറുകൾ വഴി വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുകയുള്ളൂ.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വാട്ടർ അതോറിറ്റിയിൽ ഓൺലൈൻ സർവ്വീസ് വ്യാപിപിക്കുന്നതിന്റെ ഭാഗമായി മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) പരാമർശം (3) ലെ സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുകുമാരൻ നായർ ജി

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.

സംഭരണ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sudhila L
Date: 25-01-2023 14:29:04

സെക്ഷൻ ഓഫീസർ